# സൃഷ്ടികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ

മായിൻകുട്ടി സുല്ലമി

'ആയിശ(റ) നിവേദനം: ഉമ്മു ഹബീബ(റ)യും ഉമ്മു സലമ(റ)യും എത്യോപ്യയിൽ തങ്ങൾ കണ്ട പ്രതിമകളുള്ള കസീനയെ കുറിച്ച് റസൂലി(സ)നോട് പറയുകയുണ്ടായി. അന്നേരം നബി(സ) പറഞ്ഞു: "ആ ആളുകൾ അവരിൽ നിന്നൊരു സദ്വൃത്തൻ മരണപ്പെട്ടാൽ അയാളുടെ ക്വബ്റിൻമേൽ ആരാധനാലയം പണിയും. എന്നിട്ട് അതിൽ ആ രൂപങ്ങൾ പ്രതിഷ്ഠിക്കും. ക്വിയാമത്ത്നാളിൽ അല്ലാഹുവിൻെറ അടുക്കൽ സൃഷ്ടികളിൽ വെച്ച് ഏറ്റവും കൊള്ളരുതാത്തവർ -ദുഷിച്ചവർ- അവരായിരിക്കും' (ബുഖാരി, മുസ്ലിം, അഹ്മദ്, നസാഈ)

'ആയിശ(റ) നിവേദനം: നബി(സ) തങ്ങളുടെ നിര്യാണത്തിനിടയാക്കിയ രോഗാവസ്ഥയിൽ പറഞ്ഞു: അല്ലാഹു യഹൂദികളെയും, ക്യസ്ത്യാനികളെയും ശപിച്ചിരിക്കുന്നു. അവർ അവരുടെ പ്രവാചകൻമാരുടെ ക്വബറുകൾ ആരാധനാ സ്ഥലമാക്കി മാറ്റി. ' (ബുഖാരി, മുസ്ലിം, അഹ്മദ്, നസാഈ, ദാരിമി)

'ആയിശ(റ)യിൽ നിന്ന് ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) രോഗബാധിതനായി അത്യാസന്നനിലയിൽ കിടന്നപ്പോൾ അവിടുന്ന് തങ്ങളുടെ പുതപ്പ് മുഖത്തേക്ക് വലിച്ചിടാറുണ്ടായിരുന്നു. പ്രയാസം അനുഭവപ്പെടുമ്പോൾ അത് മുഖത്ത്നിന്ന് ഒഴിവാക്കുകയും ചെയ്യും. ആ അവസ്ഥയിൽ നബി(സ) പറയുമായിരുന്നു. "ജൂതൻമാരെയും കൃസ്ത്യാനികളെയും അല്ലാഹു ശപിച്ചിരിക്കുന്നു. തങ്ങളുടെ പ്രവാചകൻമാരുടെ ക്വബറുകളെ അവർ ആരാധന അർപ്പിക്കുവാനുള്ള സ്ഥലങ്ങളാക്കി" അവിടുന്ന് ആ പ്രവൃത്തിയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുകയായിരുന്നു.' (ബുഖാരി, മുസ്ലിം)

'ജാബിർ(റ) നിവേദനം: ക്വബ്ർ കുമ്മായമിടുന്നതും, അതിൻമേൽ ഇരിക്കുന്നതും, അതിൻമേൽ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതും നബി(സ) നിരോധിച്ചിരിക്കുന്നു' (മുസ്ലിം)

'അബുൽ ഹയ്യാജ്(റ) നിവേദനം: അലി(റ) എന്നോട് പറഞ്ഞു. ഞാൻ താങ്കളെ റസൂൽ(സ) എന്നെ നിയോഗിച്ച അതേ സംഗതിക്ക് നിയോഗിക്കുന്നു. നീ ഒറ്റ പ്രതിമയും നശിപ്പിക്കാതെ വിടരുത്. ഉയർത്തപ്പെട്ട ഒറ്റ ക്വബറും നിരപ്പാക്കാതെയും വിടരുത്' (മുസ്ലിം)

'അബൂഹുറൈറ(റ) നിവേദനം: നബി(സ) പറഞ്ഞു: മൂന്ന് പള്ളികളിലേക്കല്ലാതെ -പുണ്യം ഉദ്ദേശിച്ച്- യാത്ര ചെയ്യപ്പെടാവതല്ല. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അക്വ്സാ എന്നിവയാണ് അവ' (ബുഖാരി, മുസ്ലിം)

ഖബ്റുകൾ കെട്ടിപ്പൊക്കി അവിടം ഉൽസവങ്ങളുടെയും ആരാധനകളുടെയും കേന്ദ്രമാക്കി മാറ്റുന്ന സമ്പ്രദായം പുരാതനകാലം മുതൽ കണ്ടുവരുന്ന ഒരു ദുഷ്പ്രവണതയാണ്. യഹൂദികളുടെയും, ക്രൈസ്തവരുടെയും സ്വഭാവം ഹദീഥുകളിൽ തന്നെ കാണാം. അതിൻെറ പേരിൽ അവർ ശപിക്കപ്പെട്ടവരായി. ആ പണി ആർ ഏറ്റെടുത്ത് നടത്തിയാലും ശപിക്കപ്പെടും.

മുസ്ലിം സമുദായത്തിൽ ഖബ്ർ പൂജ കടന്നുവരുന്നത് നബി(സ) ഭയപ്പെട്ടു. മുന്നറിയിപ്പും നൽകി. "അല്ലാഹുവേ, എൻെറ ഖബ്റ് ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതേ" എന്ന് അവിടുന്ന് പ്രാർത്ഥിച്ചു. ഖബ്ർ ആരുടെതായാലും കെട്ടിപ്പൊക്കാനും, ആരാധനാകേന്ദ്രമാക്കാനും പറ്റില്ല എന്നതും ഹദീഥുകൾ നമ്മെ പഠിപ്പിക്കുന്നു. പ്രവാചകൻ, പുണ്യവാളൻ എന്നിങ്ങനെയുള്ള വേർതിരിവ് ഈ വിഷയത്തിലില്ല. പ്രവാചകൻമാരുടെയും, പുണ്യവാളൻമാരുടെയും സ്മശാനങ്ങളായിരുന്നു ജൂതരും, ക്രൈസ്വരും ആരാധനാകേന്ദ്രങ്ങളാക്കിയിരുന്നത്. എന്നിട്ടും അവർ ശപിക്കപ്പെട്ടു എന്നകാര്യം പ്രത്യേകം മനസ്സിലാക്കണം.

കാക്കത്തൊള്ളായിരം ജാറങ്ങൾ ഇന്നുണ്ട്. അതിൽ മറവാടപ്പെട്ടവരോട് പ്രാർത്ഥിക്കാനായി ചിലർ അവിടങ്ങളിലേക്ക് സിയാറത്ത് ടൂറുകളും സംഘടിപ്പിക്കുന്നു. ചന്ദനക്കുടവും, കൊടികുത്തും, ഉറൂസും, നേർച്ചയും ഗംഭീരമായി നടക്കുന്നു. ചിലേടങ്ങളിൽ ഗാനമേളയും, വഅദ് പരമ്പരയും, മൗലീദ് പാരായണവും, അന്നദാനവും സംഘടിപ്പിക്കാറുണ്ട്. മൺമറഞ്ഞ മഹാൻ ഖബ്ർ സന്ദർശിക്കുന്നവരെ കാണും, കേൾക്കും, ഗുണം പ്രദാനം ചെയ്യും, ദോഷം തടുക്കും, ആഗ്രഹങ്ങൾ സഫലീകരിക്കും എന്നൊക്കെ വിശ്വസിക്കപ്പെടുന്നു. അങ്ങിനെ ശവകൂടീരങ്ങൾ അഭയകേന്ദ്രങ്ങളായും രക്ഷാമാർഗ്ഗങ്ങളായും കൊട്ടിഘോഷിക്കപ്പെടുന്നു. ജാറങ്ങളിൽ ഖബർ മുത്തലും, ഇഅ്ത്തിക്കാഫും, പ്രദക്ഷിണവും, ദുആയും, ചിലപ്പോൾ ശയനപ്രദക്ഷിണവും നടക്കുന്നു.

ബുഷ് ഇറാഖിൽ ബോംബ് വർഷം തുടങ്ങിയപ്പോൾ ചില തീവ്രവാദികൾ പറഞ്ഞു: അവിടെ ബോംബ് ഏൽക്കില്ല. കാരണം അവിടെ മൊയ്തീൻ ശൈഖിൻെറ ജാറം ഉണ്ട്. അതുപോലെ അനവധി മഹാൻമാരുടെ ജാറങ്ങളുണ്ട്. അവയൊക്കെ പാട്രിയറ്റ് മിസ്സൈലാവും എന്ന് അന്ധവിശ്വാസികൾ കരുതി. ബോംബുകൾ ആ നാടിനെ കശക്കി. ആളുകളുടെ വിശ്വാസത്തിന് എന്ത് പറ്റി? എന്നിട്ടും ശവകുടീരവ്യവസായം പൊടിപൊടിക്കുന്നു. കാശും വിശ്വാസവും കൊള്ളയടിക്കപ്പെടുന്നു. പൺഡിതൻമാർ എന്ന് പറയപ്പെടുന്നവർ ഇത്തരം പേക്കൂത്തുകൾക്ക് 'ഒത്തുഭാഷകൾ' ഒരുക്കുന്നതിലാണ് അൽഭുതം. ചിലർ നേർച്ചയിലെ അനാചാരങ്ങൾക്കെതിരെ ശബ്ദിച്ചുതുടങ്ങിയിട്ടുണ്ട്. ഏതാണ് ആചാരം, ഏതൊക്കെയാണ് അനാചാരങ്ങൾ? തെളിവ് സഹിതം അവർ ആ കാര്യങ്ങൾ വിശദമാക്കണം.

പുണ്യാത്മാക്കളുടെ വിഷയത്തിൽ ആദരം മൂത്ത് ആരാധനയായി മാറുന്ന കാര്യം അവഗണിക്കാൻ കഴിയില്ല. ഖബ്ർ വന്ദനത്തെയും, ശിർക്കിനെയും ബന്ധപ്പെടുത്തി ഇമാം റാസി(റ) തൻെറ തഫ്സീറുൽ കബീറിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്താം. "അവർ ഈ ബിംബങ്ങളെയും, പ്രതിമകളെയും അവരുടെ നബിമാരുടെയും, മഹാൻമാരുടെയും രൂപത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. അവർ ഈ പ്രതിമകളെ ആരാധിച്ചാൽ ആ മഹാൻമാർ അല്ലാഹുവിങ്കൽ അവർക്ക് ശിപാർശക്കാരാകുമെന്ന് അവർ ജൽപിക്കുന്നു. മഹാൻമാരുടെ ഖബ്റുകൾ വന്ദിച്ചാൽ അവർ തങ്ങൾക്ക് ശിപാർശക്കാരായി വർത്തിക്കുമെന്ന

വിശ്വാസത്തിൽ അവരുടെ ക്വബ്റുകളെ വന്ദിക്കുന്നതിൽ ഇക്കാലത്ത് അനേകമാളുകൾ വ്യാപൃതരായിരിക്കുന്നത് ആ വിഗ്രഹാരാധനയോട് സമമായിട്ടുള്ള കാര്യമാണ്." (തഫ്സീറുൽ കബീർ വാല്യം 17,18 പേജ് 80)

നാം ഒരു മാറ്റത്തിനു തയ്യാറാകണം. അത് പരിശുദ്ധ ക്വുർആനിലേക്കും, തിരുചര്യകളിലേക്കും മടങ്ങുക എന്നത് തന്നെ. സച്ചരിതരായ സലഫുകളുടെ മാർഗ്ഗങ്ങൾ അവലംബിച്ചേ പറ്റൂ. എങ്കിൽ നമുക്ക് രക്ഷ. തിൻമയുടെയും ദുഷ്ടതയുടെയും മാറാപ്പ് പേറി നൻമയിലെത്താൻ കഴിയില്ല.